**ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്  ഡയറക്ടറുടെ നടപടി ഉത്തരവ്**
**തിരുവനന്തപുരം -14**

**വിഷയം** - ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് - ജീവനക്കാര്യം - ശ്രീമതി. ലേഖ.പി. നായർ, എച്ച്. എ, ഗ്രേഡ്- II വിന് ഒളരിക്കര ഇ.എസ്.ഐ.ആശുപത്രിയിൽ നിന്നും കോട്ടയം ജില്ലയിലെ വടവാതൂർ ഇ.എസ്.ഐ. ആശുപത്രിയിലേയ്ക്ക് അന്തർജില്ലാ സ്ഥലമാറ്റം നൽകി ഉത്തരവാകുന്നു.

**പരാമർശം** - 1. 21/10/2016 ലെ മദ്ധ്യമേഖല റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ ഇ2- 4901/16 നമ്പർ കത്ത്.
2. ശ്രീമതി. ലേഖ.പി. നായർ, ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്- II സമർപ്പിച്ച അപേക്ഷ.

----------------

**ഉത്തരവ് നമ്പർ E5 22570/2016/ ഡി.ഐ.എം.എസ് തീയതി 04/02/2017**

ഒളരിക്കര ഇ.എസ്.ഐ. ആശുപത്രിയിലെ ആശുപത്രി അറ്റൻഡന്റ് ഗ്രേഡ്- II ശ്രീമതി. ലേഖ.പി. നായർക്ക് കേരള ലാസ്റ്റ് ഗ്രേഡ് സർവ്വീസസ് സ്പെഷ്യൽ റൂൾസ് 17 (D) യുടെ അടിസ്ഥാനത്തിൽ ടിയാളുടെ അപേക്ഷ പ്രകാരം കോട്ടയം ജില്ലയിലെ വടവാതൂർ ഇ.എസ്.ഐ. ആശുപത്രിയിലെ നിലവിലെ ഒഴിവിലേയ്ക്ക് അന്തർജില്ലാ സ്ഥലം മാറ്റം അനുവദിച്ച് ഉത്തരവാകുന്നു.

ടിയാളുടെ അന്തർജില്ലാ സ്ഥലം മാറ്റം അപേക്ഷപ്രകാരമുള്ളതിനാൽ അന്തർജില്ലാ സ്ഥലംമാറ്റനിയമന നിയമങ്ങൾ ബാധകമായിരിക്കുന്നതും ടിയാൾ പുതിയ ജില്ലയിൽ പ്രവേശിക്കുന്ന തിയതി മുതൽ ആ ജില്ലയിൽ ആശുപത്രി അറ്റൻഡന്റ് ഗ്രേഡ്-II തസ്തികയിലെ ഏറ്റവും ജൂനിയറായിരിക്കുന്നതാണ്.

ടിയാളെ നിലവിലെ സ്ഥാപനത്തിൽ നിന്ന് വിടുതൽ ചെയ്ത തിയതിയും ടിയാൾ പുതിയ സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിച്ച തിയതിയും അറിയിക്കേണ്ടതാണ്.

(ഒപ്പ്)
**ഡോ. അജിത നായർ**
**ഡയറക്ടർ ഓഫ് ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്**

സ്വീകർത്താവ്
ശ്രീമതി. ലേഖ.പി. നായർ
ആശുപത്രി അറ്റൻഡന്റ് ഗ്രേഡ്-2,
ഇ.എസ്.ഐ. ആശുപത്രി, ഒളരിക്കര. ( സ്ഥാപനമേധാവി മുഖേന)

പകർപ്പ്

1. സൂപ്രണ്ട് ഇ.എസ്.ഐ ആശുപത്രി, ഒളരിക്കര / വടവാതൂർ
2. റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്, ദക്ഷിണ മേഖല, കൊല്ലം / മദ്ധ്യമേഖല, എറണാകുളം.
3. ഫയൽ/സ്റ്റോക്ക് ഫയൽ.

**ഉത്തരവിൻ പ്രകാരം**

**സൂപ്രണ്ട്**

wpa